Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 13.3.2017

# കെസിഎഫ് 20-ാം വാർഷികം സമാപിച്ചു

കൊച്ചി: രണ്ടുദിവസമായി എറണാകുളം പിഒസിയിൽ നടന്നുവന്ന കേരള കാത്തലിക് ഫെഡറേഷന്റെ 20-ാം വാർഷികം സമാപിച്ചു. അഖില കേരള കത്തോലിക്കാ കോൺഗ്രസ് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ, മലങ്കര കാത്തലിക് അസോസിയേഷൻ എന്നീ സംഘടനകളുടെ സംസ്ഥാനതല ഏകോപനസമിതിയാണ് കെ.സി.എഫ്. 20-ാം വാർഷികത്തിന്റെ ഭാഗമായി സാമൂഹ്യനീതി സമ്മേളനം അല്മായ നേതാക്കൾക്ക് ആദരം, സമകാലികവിഷയങ്ങളെക്കുറിച്ചുള്ള സിംമ്പോസിയം ഇവ നടന്നു.

കേരളത്തിൽ 31 കത്തോലിക്കാ രൂപതകളിൽ നിന്നും തെരഞ്ഞെടുത്തവരെയും ഭിന്നശേഷിയെ മറികടന്ന് സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന 3 നേതാക്കളെയും 3 വനിതാ നേതാക്കളെയും സമ്മേളനത്തിൽ ആദരിച്ചു. സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അല്മായ നേതാക്കൾക്ക് പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവണമെന്നും നീതിയും മാനവികതയും സാമൂഹ്യപ്രവർത്തനങ്ങളുടെ അടിസ്ഥാനശിലകളാണെന്നും ആർച്ചുബിഷപ് ഉദ്ബോധിപ്പിച്ചു. എല്ലാവരേയും ഉൾക്കൊള്ളാനും സമഭാവനയോടെ സാമൂഹ്യനീതിക്കുവേണ്ടി പ്രവർത്തിക്കാനും മതസംഘടനകൾ തയ്യാറാകണമെന്നും കർദിനാൾ പറഞ്ഞു.

കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അനുഗ്രഹപ്രഭാഷണം നടത്തി. കെസിഎഫ് പ്രസിഡന്റ് ഷാജി ജോർജ് അധ്യക്ഷത വഹിച്ചു. ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി സുവനീർ പ്രകാശനം ചെയ്തു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട്, അല്മായ സംഘടനകളുടെ ആധ്യാത്മിക ഉപദേഷ്ടാക്കളായ മോൺ. ജോസ് നവാസ് എന്നിവർ ആശംസകൾ നേർന്നു. 80 വയസിലേക്കു കടന്ന സമുദായനേതാക്കളായ ഷെവലിയർ പ്രൊഫ. എബ്രഹാം അറയ്ക്കൽ, ജോൺ കച്ചിറമറ്റം എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഡോ. ഇ.പി. ആന്റണി (വരാപ്പുഴ അതിരൂപത), അഡ്വ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ (കാഞ്ഞിരപ്പിള്ളി), തോമസ് ജോൺ തേവരത്ത് (മാവേലിക്കര), ലാൽ കോയിപ്പറമ്പിൽ (ആലപ്പുഴ), പോൾ മണി ജി. (തിരുവനന്തപുരം മേജർ അതിരൂപത), പ്രൊഫ. ജോർജ് എം. വർഗീസ് (തിരുവനന്തപുരം), പ്രൊഫ. ജോയി മുപ്രാപ്പള്ളിൽ (കോട്ടയം), അഡ്വ. ബിജു പറയനിലം (കോതമംഗലം), പ്രൊഫ. എ.എസ്. ഫ്രാൻസിസ് (കൊല്ലം), ജോൺ കെ.എച്ച് (കണ്ണൂർ), സണ്ണി ജോർജ് (പത്തനംതിട്ട), കെ.എ. എഡ്വേർഡ് (കോഴിക്കോട്), സെബാസ്റ്റ്യൻ വടശ്ശേരി (എറണാകുളം-അങ്കമാലി), ഡേവീസ് പുത്തൂർ (തൃശ്ശൂർ), ഫിലിപ്പ് കടവിൽ (മൂവാറ്റുപുഴ), സൈമൺ ആനപ്പാറ (മാനന്തവാടി), ഷിബു വർഗീസ് പുതുക്കേരിൽ (തിരുവല്ല), സാജു അലക്സ് (പാല), എബി കുന്നേപറമ്പിൽ (വിജയപുരം), കെ.സി. ജോർജ് കോയിക്കൽ (ഇടുക്കി), തോമസ് കെ. സ്റ്റീഫൻ (നെയ്യാറ്റിൻകര), വി.പി. തോമസ് (ബത്തേരി), ബേബി ജി. ഭാഗ്യോദയം(പുനലൂർ), പി.ജെ. തോമസ് (കോട്ടപ്പുറം), ജോസ് മേനാച്ചേരി (പാലക്കാട്), ജോസി ബ്രിട്ടോ ഡി. (സുൽത്താൻപേട്ട്), നെൽസൺ കോച്ചേരി (കൊച്ചി), ബേബി പെരുമാലിൽ (താമരശ്ശേരി), പീയൂസ് പാറേടം (തലശ്ശേരി), ലീലാമ്മ ജേക്കബ്, ഡെൽസി ലൂക്കാച്ചൻ, ജയിൻ ആൻസിൽ ഫ്രാൻസീസ്, വൈ. രാജു (തിരുവനന്തപുരം അതിരൂപത), രാജു സേവ്യർ (കൊച്ചി), മേരി ചെല്ലന്തറയിൽ (മാനന്തവാടി). വിവിധ രുപതകളിൽ നിന്നുള്ള 37 നേതാക്കൾക്കാണ് കെസിഎഫ് അവാർഡു നല്കി ആദരിച്ചത്.

സമാപനസമ്മേളനം ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ഉദ്ഘാടനം ചെയ്തു. അഡ്വ ലാലു ജോൺ, അഡ്വ. ഷെറി ജെ. തോമസ് , തോമസ് ചെറിയാൻ, മോൺസൺ കെ. മാത്യു, ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ, സെലിൻ സിജോ മുണ്ടമറ്റം, വി.സി. ജോർജ്കുട്ടി, ടോമിച്ചൻ അയ്യർകുളങ്ങര, മൈക്കിൾ പി. ജോൺ, അഡ്വ വത്സ ജോൺ എന്നിവർ പ്രസംഗിച്ചു.

**മോൺസൺ കെ.മാത്യു**
ജനറൽ സെക്രട്ടറി, കെസിഎഫ്.

ഫോട്ടോ മാറ്റർ: കേരള കാത്തലിക് ഫെഡറേഷന്റെ നേതൃത്വത്തിൽ പിഒസിയിൽ നടന്ന നേതൃസംഗമത്തിന്റെയും മുതിർന്ന നേതാക്കളെ ആദരിക്കുന്നതിന്റെയും ഉദ്ഘാടനം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിക്കുന്നു. ഷാജി ജോർജ്, ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി, ശ്രീ ജോൺ കച്ചിറമറ്റം, ഫാ. ജിയോ കടവിൽ, മോൺസൺ ക. മാത്യു, ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ എന്നിവർ സമീപം